പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2265** 15/07/2011 ൽ മറുപടിയ്ക്ക്

## ഭൂമികേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ.റ്റി.എൻ.പ്രതാപൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഭൂമികേരളം പദ്ധതി അനുസരിച്ച് എത്ര വില്ലേജുകളിൽ റീസർവ്വെ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) ഭൂമികേരളം പദ്ധതി അനുസരിച്ച് വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായിട്ടില്ല. ഭൂമികേരളം പദ്ധതിയുടെ കീഴിൽ മലപ്പുറം ജില്ലയിൽ മേൽമുറി വില്ലേജിലാണ് ആധുനിക സാങ്കേതിക വിദ്യയായ WGS 84 ഡാറ്റം പ്രകാരം റീസർവ്വെ ആരംഭിച്ചത്. റവന്യൂ ഭരണത്തിന് റിക്കാർഡുകൾ കൈമാറുന്നതിനുള്ള സെക്ഷൻ 13 നോട്ടിഫിക്കേഷൻ അടുത്ത് തന്നെ നടത്തുന്നതാണ്. ഇതിലേയ്ക്കുള്ള എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിനുവേണ്ടി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ; | (ബി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. സർവ്വെയും ഭൂരേഖയും വകുപ്പിൽ നിന്നും ജോലിക്രമീകരണ വ്യവസ്ഥയിലാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. |
| (സി) എങ്കിൽ എന്ത് മാനദണ്ഡങ്ങൾ പ്രകാരമാണ് നിയമിച്ചതെന്ന് അറിയിക്കുമോ ; | (സി) സർവ്വെയും ഭൂരേഖയും വകുപ്പിൽ നിന്നുള്ള ജീവനക്കാരുടെ ഓപ്ഷനാണ് മാനദണ്ഡമായി കണക്കാക്കുന്നത്. |
| (ഡി) ഇങ്ങനെ നിയമിച്ചവരുടെ സേവന വേതന വ്യവസ്ഥയിൽ എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ഡി) സർക്കാർ നിയമനം സംബന്ധിച്ച മാനദണ്ഡം ബാധകമാണ്. |

സെക്ഷൻ ഓഫീസർ